# എല്ലായ്പ്പോഴും
# ദൈവത്തിലാശ്രയിക്കുക

മദർ ബർണാർഡ

കർത്താവിൽ നിന്ന് അതെഎന്നുള്ള
ഉത്തരംപ്രതീക്ഷിക്കുക

ദൈവദാസിയായ

## മദർ ബർണാർഡ ഹൈംഗാർട്ടണർ

സിസ്റ്റേഴ്സ് ഓഫ് ഹോളിക്രോസ്
(മെൻസിങ്ങൻ / സ്വിറ്റ്സർലന്റ്)
സന്യാസ സഭയുടെ സ്ഥാപക

മദ്ധ്യസ്ഥം അപേക്ഷിച്ചുള്ള

## നൊവേന

ദൈവം അനന്തമായ നല്ല ദൈവമാണ്

മുഖചിത്രം : മദർ ബർണാർഡയുടെ മൃതദേഹം സംസ്കരിച്ച കപ്പേള പള്ളിയിലെ ജനൽ ചില്ലിൽ വരച്ച ചിത്രം

രൂപകല്പന : എ. വാണ്ണർ, സെന്റ് ഗാളൻ

രൂപാവിഷ്കാരം : ജി. ഇൻഗ്ലിലെർ, ഏൻഡ്‌വിൽ

ഗ്രന്ഥം : സി. ബർണാർഡസ് സ്കോണെൻബെർഗ്, മെൻസിങ്ങൻ

ഇംഗ്ലീഷ് വിവർത്തനം : സി. ലൂയിസ് കാർമ്മൽ മൂർ

അച്ചടി : പീറ്റർ മുള്ളർ, പ്രിന്റിങ്ങ് / ഓഫ്സെറ്റ്, സ്സൂഗ്,1986

ആശയവിനിമയം : പ്രാർത്ഥനാ സംബന്ധമായ നിയോഗങ്ങൾ ഉപകാരസ്മരണകൾ അയക്കേണ്ട വിലാസം

The Secretariate,
Mother Bernarda, Motherhouse
CH-6313 Menzingen (Switzerland)
Or (അല്ലെങ്കിൽ)
Secrotary
Holy Cross Provincialate
Tuet, Kollam, 691 ---
Nihil Obstat : The ordinary of the Diocese of Basie on 28.8.1986

## ആമുഖം

മദർ ബർണാർഡയോടുള്ള നൊവേനയോടൊപ്പം ദൈവദാസിയുടെ പുണ്യങ്ങളാണ് ചിത്രീകരിക്കുന്നത്. അതുവഴി പോപ്പ് പയസ് പത്താമൻ, മെൻസിങ്ങൻ സ്ഥാപനത്തിന്റെ ശതാബ്ദി വേളയിൽ മദർ ബർണാർഡയുടെ ആദ്ധ്യാത്മീയ മഹത്വത്തെ വർണ്ണിച്ച് എഴുതിയതാണ് നിവർത്തിക്കുന്നത്; "ദൈവത്താൽ നിറഞ്ഞവളും, ആഴമാർന്ന ഭക്തിയുള്ളവളും, വിവേകമതിയും സുധീരയും ക്ഷമയും കുരിശുവാഹകയുമായ ബർണാർഡ ഹൈംഗാർട്ട്ണറിനെ ദൈവപരിപാലനയാൽ നിയുക്തയായ നിങ്ങളുടെ സ്ഥാപകയും വളർന്നുവരുന്ന സന്യാസസമൂഹത്തിന്റെ ആദ്യത്തെ മദറുമായി, രക്ഷയുടെ അടയാളമായി പ്രത്യേകമായ വിധം നിയമിച്ചു.".

മദർ ബർണാർഡയുടെ ഈ ചിത്രം, ഒമ്പതു ദിവസത്തെ നൊവേന ചൊല്ലി ദൈവദാസിയുടെ മദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നവരോടുകൂടെഉണ്ടായിരിക്കും.ഒരുപക്ഷേ പലപ്പോഴും ഇത് നമ്മുടെ ജീവിതരീതിക്ക് മാതൃകയുമായിരിക്കും.

## 1-ാം ദിവസം

## സ്ഥാപകയായ മദർ ബർണാർഡ

മദർ ബർണാർഡയായിരുന്നു കപ്പൂച്ചിൻ വൈദികനായിരുന്ന തിയഡോഷ്യസ് ഫ്ളോറന്റീനിയെ അദ്ദേഹത്തിന്റെ പദ്ധതികൾ ആവിഷ്കരിക്കരിച്ച് ഫലദായകമാക്കുവാനായി ആദ്യമായി ചേർന്ന പെൺകുട്ടി. അദ്ധ്യാപികമാരായ സിസ്റ്റേഴ്സിന്റെ സന്യാസസമൂഹം ആരംഭിച്ച് അവരെ പ്രൈമറിസ്കൂളിൽ പഠിപ്പിക്കുവാൻ അയക്കുവാനുള്ള അച്ചന്റെ പദ്ധതികളോട് സമാനുഭാവം പുലർത്തി അതു പ്രാബല്യത്തിൽ വരുത്താൻ യവ്വനയുക്തയായ മദർ വളരെ ശ്രദ്ധേയമായ കഴിവാണ് പ്രകടമാക്കിയത്. അതും ഗവൺമെന്റിന്റെ കർക്കശമായ അടിച്ചമർത്തൽമുലം സന്യാസ മഠങ്ങൾ, അടച്ചുപൂട്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാലയളവിൽ.അവർ അദ്ധ്യാപക, സന്യാസപരിശീലനം ആരംഭിച്ച മരിയ ക്രോണുൺങ്ങ് മഠവും അതിൽ നിന്ന് മാറ്റിനിറുത്തപ്പെട്ടില്ല. തിയഡോഷ്യസച്ചൻ ഗവൺമെന്റിന്റെ മർദ്ദനം ഒഴിവാക്കാനായി വിദേശത്തേക്ക് പലായനം ചെയ്തപ്പോഴും അതൊന്നും അവളെ നിരുൽസാഹപ്പെടുത്തിയില്ല, അദ്ദേഹത്തിന്റെ ക്രമീകരണമനുസരിച്ച് ബ്രിസാഗുവിലെ ഫ്രീബെർഗ്ഗിലുള്ള ഊർസ്സലൈൻ സിസ്റ്റേഴ്സിന്റെയും അതിനുശേഷം ഫ്രാൻസിലെ റിബുവല്ലെയിലുള്ള ഡിവൈൻ സിസ്റ്റേഴ്സിന്റെ സ്കൂളിലേക്കും പരിശീലനത്തിനായി സ്വമനസ്സാലെ പോയി. ആശയക്കുഴപ്പം പിടിച്ച അവസരത്തിൽ ലുസേർണിലുള്ള ഊർസ്സലൈൻ സിസ്റ്റേഴ്സിന്റെ മഠത്തിൽ ചേർന്നുകൊള്ളുവാൻ തിയഡോഷ്യസച്ചൻ നിർദ്ദേശിച്ചുവെങ്കിലും അവൾ അതു നിരസിച്ചു. ആരംഭത്തിലെയുണ്ടായിരുന്നതുപോലെ പബ്ലിക്ക് സ്കൂളിൽ സേവനം ചെയ്യുവാനാണ് അവൾ താൽപര്യപ്പെട്ടത്. അദ്ദേഹത്തിനുണ്ടായിരുന്ന പദ്ധതികൾ ആവിഷ്കാരിച്ച് തുടർന്നുകൊണ്ടുപോകുക സാധ്യമാണെന്ന് അവൾക്ക് വിശ്വാസമുണ്ടായിരുന്നു. കാലം അവളിലൂടെ അതുതെളിയിക്കുകയും ചെയ്തു.

1844-ൽ മെൻസിങ്ങനിൽ അദ്ധ്യപിക സിസ്റ്റേഴ്സിന്റെ സമൂഹം സ്ഥാപിതമായി. ബാലാരിഷ്ഠതകൾ നിറഞ്ഞ പ്രാരംഭകാലത്തും, കൂടുതൽ പ്രയാസകരവും പരീക്ഷണകരവുമായ കാലഘട്ടങ്ങളിലുമെല്ലാംസന്യാസ സൂഹത്തെ മദർ ബർണാർഡ വിവേകത്തോടെ സുധീരയായി നയിച്ചു. സന്യാസ സമൂഹത്തിന്റെ പ്രാരഭലക്ഷ്യവും, നിയമാവലിയിലുൾക്കൊള്ളിച്ചതുപോലെ ഫ്രാൻസീസ്കൻ ചൈതന്യവും, കൈവിടാതെ പരിപാലിച്ചുകൊണ്ടുപോകുകയെന്നുള്ളത് കഠിനപ്രയത്നം തന്നെയായിരുന്നു.ഒരു വശത്ത് തിയഡോഷ്യസച്ചന്റെ സാഹസീകമായ സംരംഭങ്ങൾ, മറുവശത്ത്, സഹോദരിമാരെ ബെനഡിക്റ്റയിൻ അർപ്പകരാക്കാനുള്ള ബെനഡിക്റ്റയിൻ ആദ്ധ്യാത്മിക ഗുരുവായ ആബട്ട് ബിർക്കറുടെ പിൽക്കാല പരിശ്രമങ്ങൾ, ഇത്തരത്തിലുള്ള വിഷമഘട്ടങ്ങൾ വർദ്ധിപ്പിക്കുകയായിരുന്നു. ആദിയിൽ ഭരമേൽപ്പിച്ച ദൗത്യം വിശ്വസ്ഥതയോടും ഉത്തരവാദിത്തബോധത്തോടുംകൂടെ മദർ ബർണാർഡ, സ്ഥാപനത്തിന്റെ അനന്യത അഥവാ സവിശേഷത നഷ്ടപ്പെടാതെ സംരക്ഷിക്കുകയും അതിന്റെ നിലനിൽപ്പ് ഉറപ്പാക്കുകയും ചെയ്തതുകൊണ്ട് പയസ്സ്പന്ത്രണ്ടാമൻ മാർപ്പാപ്പ അവളെ സ്ഥാപകയായി നിർദ്ദേശിച്ചു.

പ്രാർത്ഥന : സ്വർഗ്ഗീയ പിതാവേ, മദർ ബർണാർഡയുടെ ജീവിതത്തിൽ അങ്ങു പ്രവർത്തിച്ച അങ്ങയുടെ അനുഗ്രഹത്തിന് ഞങ്ങൾ നന്ദി പറയുന്നു. മദറിലൂടെ എന്റെ ആകുലതകളെയെല്ലാം അങ്ങയെ ഭരമേൽപ്പിച്ച്, എന്നെ ഏൽപ്പിച്ചിട്ടുള്ള ജോലികളെല്ലാം ക്രിസ്തീയ ധീരതാർന്ന ചൈതന്യത്തോടെ ചെയ്യുവാനുള്ള ശക്തിക്കും മനക്കരുത്തിനുമായി പ്രാർത്ഥിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.......

## 2-ാം ദിവസം
## മദർബർണാർഡ, സിസ്റ്റേഴ്സ് കുടുംബത്തിലെ ആദ്യ മദർ

"സിസ്റ്റേഴ്സ് കളങ്കമറ്റ സ്നേഹത്താൽ ഐക്യമുള്ളവരും സംതൃപ്തരും സന്തോഷവതികളുമായിരുന്നു; സ്നേഹമുള്ള മദർ അവരെ നന്നായി പരിചരിക്കുന്നുവെന്ന് അവർക്കറിയായമായിരുന്നു". എന്നാണ് മദർ ബർണാർഡയെക്കുറിച്ചുള്ള ഓർമ്മകൾ സിസ്റ്റർ ഫെലിസിറ്റാസ് തന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നത്. ഒരു സ്നേഹമുള്ള അമ്മയായിരിക്കുക എന്നത് മദർ ബർണാർഡയെ സബന്ധിച്ചിടത്തോളം സ്വയം മറന്ന് അപരരെക്കുറിച്ച് ചിന്തിച്ച് ചെറുതും വലുതുമായ കാര്യങ്ങളിൽ സജീവമായി പിന്തുണ നൽകുക എന്നതായിരുന്നു. അസുഖമുണ്ടാകുന്ന ഓരോ വ്യക്തികളേയുംക്കുറിച്ച് വ്യക്തമായി മദർ അറിഞ്ഞ് മരുന്നുകൾ നൽകി, ചികിൽസിച്ച്, പൂർണ്ണാരോഗ്യത്തിന് വേണ്ട പ്രതിവിധികളെല്ലാം ചെയ്തു.സിസ്റ്റേഴ്സിന്റെ ഭക്ഷണം, അകത്തും പുറത്തും സ്കൂളിലുമുള്ള സിസ്റ്റേഴ്സിന്റെ ജീവിതസ്ഥിതി, അധികാരികളോടും കുട്ടികളോടുമുള്ള അവരുടെ ബന്ധങ്ങൾ എന്നിലയിലെല്ലാം ജാഗ്രതയുള്ളവളായിരുന്നു മദർ. ഏല്പിക്കപ്പെട്ട എല്ലാ സിസ്റ്റേഴ്സിന്റേയും ആത്മീയവും ഭൗതികവും ആയ എല്ലാ ആവശ്യങ്ങളും പങ്കുവച്ചു. സ്നേഹമുള്ള അമ്മയെപോലെ പരാജയപ്പെട്ടവരോട് ക്ഷമിച്ചു.

2 പ്രാർത്ഥന : സ്വർഗ്ഗീയ പിതാവേ, മദർ ബർണാർഡയുടെ ജീവിതത്തിൽ അങ്ങു പ്രവർത്തിച്ച അങ്ങയുടെ അനുഗ്രഹത്തിന് ഞങ്ങൾ നന്ദി പറയുന്നു. എന്നെന്നേക്കും എന്നെ മറന്നു ജീവിക്കാൻ സഹായിക്കേണമെ. മദറിന്റെ മദ്ധ്യസ്ഥതയിലൂടെ എന്നോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടവരുടെ എല്ലാ നിയോഗങ്ങളും, എന്റെ വ്യക്തിപരമായ നിയോഗങ്ങളും അങ്ങയെ ഭരമേൽപ്പിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി........

## 3-ാം ദിവസം
## മദർ ബർണാർഡ ദൈവത്താൽ നിറഞ്ഞ സ്ത്രീ

വിശ്വാസികളിൽ വസിക്കുന്ന ദൈവത്തെക്കുറിച്ചുള്ള വിചിന്തനങ്ങളായിരുന്നു പ്രാർത്ഥനയെക്കുറിച്ച് മദർ ബർണാർഡ പഠിപ്പിക്കുന്ന ഇഷ്ടവിഷയം. സിസ്റ്റേഴ്സിന് കത്തെഴുതുമ്പോൾ തലക്കെട്ടായി പതിവായെഴുതിയിരുന്നത് "ഈശോ നമ്മുടെ ഹൃദയത്തിൽ വസിക്കട്ടെ" എന്നായിരുന്നു. ഉദാഹരണത്തിന് ഒരിക്കൽ ഒരു സിസ്റ്ററിനെഴുതി "അവൻ നിന്റെ അരികിലെപ്പോഴുമുണ്ട് നിനക്കത് അനുഭവിക്കാൻ സാധിക്കുന്നില്ലെങ്കിലും അവൻ നിന്നെ നോക്കി നിന്റെ വിശ്വസ്ഥത പരീക്ഷിക്കുന്നു അവശ്യ സഹായം ആവശ്യമുള്ളപ്പോൾ നിന്നെ സഹായിക്കാൻ സന്നദ്ധനായി, നിന്റെ ഹൃദയത്തിനുള്ളിൽ അവൻ മറഞ്ഞിരിപ്പുണ്ടെന്ന് ഒന്നു വിശ്വസിക്കൂ." ബ്യുക്ക്സിലുള്ള ഒരു സിസ്റ്ററിനുള്ള എഴുത്തിൽ നാം വായിക്കുന്നു "ദൈവസാന്നിദ്ധ്യാനുഭവ പരിശീലനം തുടർന്നുകൊണ്ടുപോകുന്നുണ്ടോ എന്നറിയാൻ എനിക്കു താൽപര്യമുണ്ട്, പ്രത്യേകിച്ചും ആത്മീയ അനുസ്മരണത്തിലൂടെ നന്മയിലേക്കും പൂർണ്ണതയിലേക്കുമുള്ള വളർച്ചയ്ക്കുള്ള ഫലപ്രദമായ മാർഗ്ഗങ്ങളാണത്."

പ്രാർത്ഥന : സ്വർഗ്ഗീയ പിതാവേ, മദർ ബർണാർഡയുടെ ജീവിതത്തിൽ അങ്ങു പ്രവർത്തിച്ച അങ്ങയുടെ അനുഗ്രഹത്തിന് ഞങ്ങൾ നന്ദി പറയുന്നു. മദറിന്റെ മദ്ധ്യസ്ഥതയാൽ എല്ലാവിശ്വാസികളിലും അങ്ങേ സാന്നിദ്ധ്യമുണ്ടെന്നുള്ള ആഴമായ വിശ്വാസം നൽകി എന്നെ അനുഗ്രഹിക്കണമെ. ഇപ്പോഴുള്ള എന്റെ വലിയ ആവശ്യത്തിൽ എന്നെ സഹായിക്കുകയും ചെയ്യണമെയെന്നും പ്രാർത്ഥിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ........

## 4-ാം ദിവസം

## മദർ ബർണാർഡ ആഴമായ ഭക്തിയുള്ള സ്ത്രീ

മദർ ബർണാർഡ പ്രാർത്ഥനയുടെ സ്ത്രീയായിരുന്നു. സി. ഫെലിസിറ്റാസ് മിഹിലിസിന്റെ ഓർമ്മക്കുറിപ്പുകളിൽ എഴുതിയിരിക്കുന്നു, "മദർ ബർണാർഡ പ്രാർത്ഥനയുടെ സ്ത്രീയായിരുന്നു." അവൾ എഴുതിയതു വായിക്കുന്നവർക്കെല്ലാം തന്നെ ഈ ഒരു ധാരണതന്നെയാണ് ഉളവായിട്ടുള്ളത്. അവളുടെ വ്യക്തിപര പ്രാർത്ഥനാ ജീവിതത്തെക്കുറിച്ച് അപൂർവ്വമായി മാത്രമെ പരാമർശിക്കുന്നുള്ളു എന്നത് സത്യമാണ്. എന്നാൽ അവളുടെ ഡയറിയിൽനിന്നും സിസ്റ്റേഴ്സിനയച്ച കത്തുകളിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന യാഥാർത്ഥ്യം, കളങ്കരഹിതവും സ്വാഭാവികവും സന്തോഷകരവുമായ അന്തരീക്ഷത്താൽ സമ്പന്നമായിരുന്നു അവളുടെ സന്യാസ ആന്തരീക ജീവിതമെന്നുള്ളതിൽ ഒരു സംശയവുമില്ല എന്നതാണ്. 1852മാർച്ച് 8 ലെ എഴുത്തിൽ, ചെറുപ്പം സിസ്റ്റേഴ്സിനേയും നോവിസസിനേയും ഉൽബോധിപ്പിക്കുന്ന ഒരുദാ ഹരണം കാണാം' "പ്രാർത്ഥനയെ സ്നേഹിക്കുക എവിടെയാണെങ്കിലും നിങ്ങൾക്കു സാധിക്കുന്നത്ര അതു പരിശീലിക്കുക. ധാരാളം പ്ര തീക്ഷിക്കുക അതേ എല്ലാം ദൈവത്തൽ നിന്നാണ്."തനിക്കോ, മറ്റുള്ളവർക്കോവേണ്ടി പ്രാർത്ഥന ചോദിക്കാത്ത ഒരു കത്തും മദർ ബർ ണാഡയുടെതായില്ല.

4 പ്രാർത്ഥന : സ്വർഗ്ഗീയ പിതാവേ, മദർ ബർണാർഡയുടെ ജീവിതത്തിൽ അങ്ങു പ്രവർത്തിച്ച അങ്ങയുടെ അനുഗ്രഹത്തിന് ഞങ്ങൾ നന്ദി പറയുന്നു. മദറിന്റെ മദ്ധ്യസ്ഥത്താൽ പ്രാർത്ഥനയിൽ തളരാത്ത തീക്ഷണമായ ഉത്സാഹം നൽകണമെയെന്നും ഏറ്റവും ആവശ്യമായിരി ക്കുന്ന ഈ ഉദ്ദിഷ്ടകാര്യങ്ങളിൽ സഹായിക്കേണമെയെന്നും ഞാൻ യാചിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി........

## 5-ാം ദിവസം

### മദർ ബർണാർഡ വിവേകമതിയായ സ്ത്രീ

ഈ ഭൂമിയിലെ ചുങ്ങിയ കാലയളവുമാത്രമുള്ള ജീവിതത്തിലെ പരീക്ഷണങ്ങൾ ക്ഷമയോടുകൂടി സഹിച്ച്, ക്രിസ്തീയ ജീവിത ലക്ഷ്യത്തിലേ ക്കുള്ള അചഞ്ചലമായ സമർപ്പണമാണ് മദറിന്റെ അനേകം എഴുത്തുകളിൽ നിന്നും ഒരുവ്യക്തി മനസ്സിലാക്കുന്നത്. ഒരു സിസ്റ്ററിനെ അങ്ങനെ പ്രോൽസാഹിപ്പിക്കുകയാണ്; "സഹനങ്ങളിൽ സന്തോഷിക്കുക; ഒരു ദിവസം അതു നിനക്ക് ആനന്ദമായി മാറും". ഭാവിയെക്കു റിച്ച് ഇങ്ങനെയുള്ള സുദൃഢമായ പരാമർശങ്ങളുണ്ടെങ്കിലും മദർ ബർണാർഡ വളരെ തൻമയത്വത്തോടുകൂടിയാണ് സമൂഹത്തെ നയി ച്ചത്. സമഗ്രമായ ആത്മീയവും തൊഴിൽപരവുമായ പരിശീലനം ഒരദ്ധ്യാപികയാകുന്ന സിസ്റ്ററിന് സമ്പൂർണ്ണമായി ആവശ്യമാണെന്ന് മന സ്സിയാക്കിയ മദർ അതിനുവേണ്ടി വളരെ കരുതൽഎടുത്തിരുന്നു. ആദ്ധ്യാത്മീക ജീവിതത്തിൽ എല്ലാറ്റിനും സമയം വേണമെന്നും മാ നുഷ്യ സഹജമായ പരിമിതികൾ അവഗണിക്കാനാവാത്തതാണെന്നും അവൾ മനസ്സിലാക്കിയിരുന്നു.

പ്രാർത്ഥന : സ്വർഗ്ഗീയ പിതാവേ, മദർ ബർണാർഡയുടെ ജീവിതത്തിൽ അങ്ങു പ്രവർത്തിച്ച അങ്ങയുടെ അനുഗ്രഹത്തിന് ഞങ്ങൾ നന്ദി പറയുന്നു. വിവേകത്തോടുകൂടി തീരുമാനങ്ങളെടുക്കുവാനുള്ള വരം മദറിന്റെ മദ്ധ്യസ്ഥത്താൽ നൽകി എന്റെ ഇപ്പോഴത്തെ നിയോഗ ങ്ങളിൽ സഹായിക്കണമെയെന്ന് പ്രാർത്ഥിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ........

## 6 -ാം ദിവസം

## മദർ ബർണാർഡ സുധീരയും സഹിഷ്ണുതയുമുള്ള കുരിശുവാഹക

മദർ ബർണാർഡ തന്റെ സിസ്റ്റേഴ്സിന് സഹനങ്ങളിൽ നൽകിയ ഉപദേശങ്ങളും പ്രോത്സാഹനങ്ങളും, മദർ ആദ്യമെ സ്വയം ജീവിച്ചതുതന്നെ യായിരുന്നു.അതുകൊണ്ടുതന്നെ സ്വഅനുഭവത്തിൽ നിന്നുതന്നെ തന്റെ സിസ്റ്റേഴ്സിനെ പ്രോത്സാഹിപ്പിക്കുവാൻ അവൾക്കു കഴി ഞ്ഞു : "ദുർബ്ബലഹൃദയരാകാതെ ദൈവത്തിൽ വിശ്വസിക്കുന്നതിൽ ഉദാരമതികളാകുക, സഹനങ്ങളിൽ എളിമയും ക്ഷമയും ഉള്ളവരാകു ക. നല്ലവനായ ദൈവം തീർച്ചയായും നിങ്ങളെ സംരക്ഷിക്കും. ദയനീയമായ ദാരിദ്ര്യത്തിൽ ചെറുതായാണ് നാം ആരംഭിച്ചത്, എന്നിട്ടും നമ്മുടെ ആവശ്യങ്ങളുടെ സമയത്ത് ദൈവം എപ്പോഴും നമ്മെ സഹായിച്ചിട്ടുണ്ട്. പലപ്പോഴും എനിക്ക് സഹായം തേടേണ്ടതായി വന്നിട്ടുണ്ട് എന്നത് സത്യമാണ്, ഞാൻ ഉൽക്കണ്ഠകളോ സഹനങ്ങളോ ഇല്ലാത്തവളായിരുന്നില്ല; എന്നാലും ഈശോയ്ക്കുവേണ്ടി ത്യാഗങ്ങൾ സന്തോഷ ത്തോടെ ചെയ്യാൻ നമ്മൾ നല്ലമനസ്സു കാണിക്കേണ്ടേ? ഉറച്ചു നിൽക്കാൻ അവൻ നമ്മെ സഹായിക്കുന്നു; നമ്മെ കരുതുകയും സംരക്ഷി ക്കുകയും ചെയ്യുന്നു."

പ്രാർത്ഥന : സ്വർഗ്ഗീയ പിതാവേ, മദർ ബർണാർഡയുടെ ജീവിതത്തിൽ അങ്ങു പ്രവർത്തിച്ച അങ്ങയുടെ അനുഗ്രഹത്തിന് ഞങ്ങൾ നന്ദി പറയുന്നു. മദറിന്റെ മദ്ധ്യസ്ഥതയിൽ, കഷ്ടപ്പാടുകളുടെ സഹനങ്ങളിൽ ധൈര്യവും ക്ഷമയും നൽകണമെയെന്നും ഇപ്പോഴത്തെ എന്റെ വലിയ ആവശ്യത്തിൽ സഹായിക്കുകയും ചെയ്യണമെയെന്നും യാചിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ........

## 7 -ാം ദിവസം

## മദർ ബർണാർഡയുടെ ദൈവപരിപാലനയിലുള്ള നിലനിൽപ്പ്

ദൈവ പരിപാലനയിലുള്ള അടിയുറച്ച വിശ്വാസത്തിൽ നിറഞ്ഞ മദർ ബർണാർഡയ്ക്ക് സഹിഷ്ണുതയുടെ അസാധാരണമായ ആന്തരീകശക്തിയുണ്ടായിരുന്നു. സ്ഥാപനശേഷം അരവർഷം കഴിഞ്ഞപ്പോൾ ഇനി സ്ഥാപനവുമായി ഒന്നും ചെയ്യുവാൻ പാടില്ലെന്ന് തിയഡോഷ്യസച്ചനെ അദ്ദേഹത്തിന്റെ മേലാധികാരികൾ വിലക്കിയപ്പോൾ ഈ വിശ്വാസം കടുത്ത പരീക്ഷണത്തിന് വിധേയമായി. മദർ ബർണാർ തന്റെ ഡയറിയിൽ കുറിച്ചു; "ഈ നിമിഷം മുതൽ അതിശ്രേഷ്ഠമായി, മഹത്തായ ആത്മാർപ്പണത്തോടെ തുടങ്ങിയ തന്റെ കർത്തവ്യം സന്തോഷത്തോടെ തുടരുവാൻ നമ്മുടെ മുൻ സ്ഥാപകന് സാധിക്കുകയില്ല. എന്നിരുന്നാലും അക്കാരണത്താൽ ഞങ്ങളെ നിരുൽസാഹപ്പെടുത്താൻ ഞങ്ങൾ അനുവദിച്ചില്ല. ഇതിലും ദൈവഹിതം ഏറ്റെടുത്ത് ദൈവമഹത്വത്തിനും ഞങ്ങളുടെ നന്മയ്ക്കുമായി എല്ലാം അവിടുന്ന് ക്രമപ്പെടുത്തുന്നു എന്ന ചിന്തയിൽ ഞങ്ങൾ ഞങ്ങളുടെ വിശ്വാസം ദൈവത്തിലർപ്പിച്ചു."

പ്രാർത്ഥന : സ്വർഗ്ഗീയ പിതാവേ, മദർ ബർണാർഡയുടെ ജീവിതത്തിൽ അങ്ങു പ്രവർത്തിച്ച അങ്ങയുടെ അനുഗ്രഹത്തിന് ഞങ്ങൾ നന്ദി പറയുന്നു. അങ്ങേ ജ്ഞാനത്താലുള്ള ദിവ്യപരിപാലനയിലുള്ള എന്റെ വിശ്വാസം വർദ്ധിപ്പിച്ച് മദർ ബർണാർഡയുടെ ദയവുള്ള മദ്ധ്യസ്ഥത്താൽ എന്റെ ഏറ്റവും വലിയ ആവശ്യത്തിൽ എന്നെ സഹായിക്കുകയും ചെയ്യണമെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി .......

## 8 -ം ദിവസം

## മദർ ബർണാർഡ രക്ഷയുടെ അടയാളത്തിന്റെസംരക്ഷണത്തിൽ

എല്ലാറ്റിനും ഉപരി സന്യാസസമൂഹത്തോടുള്ള ഉത്തരവാദിത്തമായിരുന്നു, ക്ലേശകരമായ സാഹചര്യം നിലനിൽക്കുമ്പോൾ, നീണ്ടകാലം ഒറ്റക്ക്, ഇത്രയും വലിയ ഭാരം, ചെറുപ്പമായ മദർ ജനറൽ സ്വന്തം ചുമലിൽ വഹിച്ചതെന്ന്,മദർ ബർണാർഡയെ വളരെ അടുത്തറിയാവുന്നവർക്ക് അറിയാം. സഹായിക്കാനായി നിയമിതരായവരോ കുരിശായി മാറി. അത് കുരിശിലെ രക്ഷയുടെ അടയാളമായീട്ടാണ് കണ്ടതെന്ന് വെളിവാക്കപ്പെടുകയാണ് സുപ്പീരിയർ ജോസഫ് റോളിനും കൗൺസിലിനുമായയച്ച അയച്ച കത്തിലെ എളിയ വാക്കുകളിൽ. "സുപ്പീരിയറെന്ന ക്ലേശകരമായ ഭാരം, 16 കൊല്ലം ഞാൻ വഹിച്ചു. ആ അവസരങ്ങളിലെല്ലാം ഞാൻ എന്തുമാത്രം സഹിച്ചു എന്ന് ദൈവത്തിനുമാത്രമറിയാം. എന്റെ എല്ലാപാപങ്ങൾക്കും കുറവുകൾക്കുമുള്ള പരിഹാരമായി ദൈവം അവ സ്വീകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു".

പ്രാർത്ഥന : സ്വർഗ്ഗീയ പിതാവേ, മദർ ബർണാർഡയുടെ ജീവിതത്തിൽ അങ്ങു പ്രവർത്തിച്ച അങ്ങയുടെ അനുഗ്രഹത്തിന് ഞങ്ങൾ നന്ദി പറയുന്നു. എപ്പോഴും നന്മയായി, രക്ഷയുടെ അടയാളമായി എന്റെ കുരിശുകളെ മനസ്സിലാക്കാൻ എന്നെ സഹായിക്കുകയും ക്ഷമയോടെ അവ വഹിക്കുവാൻ അനുഗ്രഹിക്കുകയും ചെയ്യേണമെ. മദർ ബർണാർഡയുടെ മദ്ധ്യസ്ഥത്താൽ എന്റെ ഇപ്പോഴത്തെ കാര്യങ്ങളും ആവശ്യങ്ങളും വിശ്വസപൂർവ്വം അങ്ങേക്ക് കാഴ്ച വക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി .......

## 9-ാം ദിവസം

## മദർ ബർണാർഡയും അവളുടെ സന്യാസസഭയും

രക്ഷയുടെ അടയാളത്തിൽതന്നെയാണ് മദർ ബർണാർഡയുടെ സന്യാസകുടംബവും പ്രത്യേകമാം വിധം സ്ഥാപിക്കപ്പെട്ടത്, സിസ്റ്റേഴ്സ് പൊതുജീവിതാരംഭത്തിന്റെ ആദ്യവർഷത്തിൽ അനുഭവിച്ച അതിയായ ദാരിദ്ര്യം അതു ശ്രദ്ധേയമായമാക്കുന്നു. അതുകൊണ്ടാണ് അവരുതന്നെ 'സിസ്റ്റേഴ്സ് ഓഫ് ദ ഹോളിക്രോസ് എന്ന പേരു നൽകിയത്. മദർ ബർണാർഡയോടുകൂടി ധൈര്യത്തോടും വിശ്വസ്ഥതയോടും കൂടി പിന്നീടുള്ള വർഷങ്ങളിൽ വന്ന വലിയ ഭാരങ്ങൾ അവർ വഹിച്ചു; പ്രത്യേകിച്ചും ബേയിസിലേയും കൂറിലേയും ബിഷപ്പുമാർ, സിസ്റ്റേഴ്സ് ഓഫ് മേഴ്സിയേയും അദ്ധ്യാപികമാരായ സിസ്റ്റേഴ്സിനേയും ഒന്നാക്കുന്നതിനോട് എതിർത്തതിനു ശേഷം സഭയുടെ സ്ഥാപകന്റെ വേദനാജനകമായ അകൽച്ച ഉണ്ടാക്കിയ ആഴമായ വേദന അവർ സഹിച്ചു. മാത്രവുമല്ല എപ്പോഴും തുടർച്ചയായി അവർക്ക് കുരിശിന്റെ അനുഗ്രഹം അനുഭവവേദ്യമാകുവാൻ സാധിച്ചു, അതുകൊണ്ടാണ് 1855 -ൽ ബിഷപ്പ് കാൾ അർനോൾഡിുള്ള കത്തിൽ മദർ ബർണാർഡയ്ക്ക് എഴുതുവാൻ കഴിഞ്ഞത് "എപ്പോഴും ദൃഷ്ടിഗോചരമായ സംരക്ഷണത്തിനും അനുഗ്രഹങ്ങൾക്കുമായി ഈ സ്ഥാപനം സ്വർഗ്ഗത്തിന് നന്ദി പറയുന്നു"എന്ന്.

പ്രാർത്ഥന : സ്വർഗ്ഗീയ പിതാവേ, മദർ ബർണാർഡയുടെ ജീവിതത്തിൽ അങ്ങു പ്രവർത്തിച്ച അങ്ങയുടെ അനുഗ്രഹത്തിന് ഞങ്ങൾ നന്ദി പറയുന്നു. എന്റെ രക്ഷക്കായി എന്റെ കുരിശുകൾ സഹിക്കുവാൻ എന്നെ സഹായിക്കേണമെയെന്ന് അപേക്ഷിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി .......

**മദർ ബർണാർഡയുടെ ജീവിതത്തിലെ നാഴികക്കല്ലുകൾ**

1822

നവംബർ 26 -ൽ കാന്റൺ ആർഗാവിലെ ഫിസ്ലിസ്ബക്കിൽ ജനനം

1829 -1883

ഫിസ്ലിസ്ബക്കിലെ പൈമറി, സെക്കന്ററി സ്കൂളിൽ പഠനം

1834 - 1840

കാന്റൺ ആർഗാവിലെ ബാഡനിൽ നേഴ്സ്മെയ്ഡ്

1840-1841

കപ്പൂച്ചിനെസ് കോൺവെന്റിൽ തുടർ വിദ്യാഭ്യാസം * മരിയ റോനുങ്ങ്.

1841

ജനുവരി 1: കാന്റോണിലെ തീവ്ര ഗവൺമെന്റ് കോൺവെന്റ് *മരിയ ക്റോനുങ്ങ് * അടിച്ചമർത്തി.

1840 -1843

ബ്രെസാഗുവിലെ ഫ്രിയ്ബെർഗിലുള്ള ഉർസലൈൻകാരുടെ കൂടെ ജോലസമ്പന്ധമായ തുടർപരിശീലനം.

1843

മെയ് മുതൽ സെപ്റ്റംബർ വരെ ഫ്രാൻസിലെ റിബുവില്ലെയിൽ ഡിവൈൻ സിസ്റ്റേഴ്സിന്റെ കൂടെ അർത്ഥിനി.

1843

സെപ്റ്റംബർ : റിബുവില്ലെയിൽ നോവിഷ്യേറ്റ് ആരംഭിക്കുന്നു.

1844

സെപ്റ്റംബർ പകുതിയോടെ സ്വിറ്റ്സർലന്റിലേക്ക് തിരിച്ചു വരുന്നു.

ഒക്ടോബർ 16 : കാന്റോൺ ഉറിലെ അൽഡോർഫിൽ വച്ച് സന്യാസവ്രതവാഗ്ദാനം.
ഒക്ടോബർ 17 : മെൻസിങ്ങനിലെ സ്കൂളിലെ പെൺകുട്ടികളുടെ ഉത്തരവാദിത്തമെടുക്കുന്നു. ആദ്യത്തെ സിസ്റ്റേഴ്സിന്റെ സുപ്പീരിയറായി നാമകരണം ചെയ്യുന്നു.

1849 - 1851

തിയഡോഷ്യസച്ചന്റെ നിർദ്ദേശ പ്രകാരം സ്ഥാപനം, റസ്സുൺസ്, സ്സിസ്സേർസ്, കാന്റോൺ ഗ്രാവ്ബെൺഡെൻ (ഗ്രിസൺസ്)ലേക്ക് മാറ്റുവാനുള്ള ശ്രമം.

1851

തിരിച്ച് മെൻസിങ്ങനിലേക്ക്.

1856

സ്ഥാപകനായ തിയഡോഷ്യസച്ചൻ, ആതുരശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സ് ഓഫ് മേഴ്സിയെയും അദ്ധ്യാപികമാരായ സിസ്റ്റേഴ്സിനേയുംഒന്നാക്കി ഇൻഗെൻബോളിൽ മദർഹൗസാക്കുവാനുള്ള പരിശ്രമം.

1857

ജനുവരി 11 : സൊലോത്തോറ്ണിലെ രൂപതാ ബിഷപ്പായ കാൾ അർനോയ്ഡ്, രണ്ട് സ്ഥാപനങ്ങളെ ഒന്നിപ്പിക്കുന്നതിനോട് വിയോജിച്ച് അദ്ധ്യപികമാരുടെ സിസ്റ്റേഴ്സിന്റെ മദർഹൗസ് മെൻസിങ്ങനിലാക്കുവാൻ തീരുമാനിച്ചു.

1863

സെപ്റ്റംബർ 21 : സി.സലേഷ്യ സ്ട്രിക്റ്ററിനെ പുതിയ സ്ഥാപനത്തിന്റെ മദർ ജനറലായി തിരഞ്ഞെടുത്തു.

ഡിസംബർ 1 : മദർ ബർണാർഡ ദിവംഗതയായി.